(ബി) ഈ പദ്ധതിയുടെ ഓരോ ഘടകങ്ങളും പ്രത്യേകമായാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഓരോ ടെണ്ടറിനും വ്യത്യസ്തമായ കാലാവധിയാണ്. ഏറ്റവും കൂടിയ സമയപരിധി 2005 ജൂൺ മാസമാണ്.

(സി) പ്രസ്തുത പദ്ധതികൾ 2005 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

തെക്കുംകര ശുദ്ധജല വിതരണ പദ്ധതി

68 [248] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കുംകര ശുദ്ധജല വിതരണ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്നു വ്യക്തമാക്കാമോ;

(ബി) കിണർ കുഴിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2005 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി ആന്റ് സി) ഇറിഗേഷൻ വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും എഞ്ചിനീയർമാർ സ്ഥലം എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വടക്കാഞ്ചേരി പുഴയിൽ കിണർ കുഴിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് സ്ഥലം കൈമാറിയശേഷം കിണറിന്റെ പണി തുടങ്ങുന്നതാണ്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി പണികൾ 2005 ഡിസംബർ മാസത്തിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ പ്രീ-മെട്രിക് ഹോസ്റ്റലിലെ കുടിവെള്ളക്ഷാമം

69 [249] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ പ്രീ-മെട്രിക് ഹോസ്റ്റലിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹോസ്റ്റലിൽ അവരുടേതായ ഒരു കുടിവെള്ള പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിക്കുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ മാവൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഒരു കണക്ഷനും നൽകിയിട്ടുണ്ട്. ഹോസ്റ്റൽ ഉയർന്ന പ്രദേശത്തായതിനാൽ മാവൂർ സ്കീമിലെ താഴ്ന്ന പ്രദേശങ്ങളിൽ മുഴുവൻ വെള്ളം ലഭിച്ചു കഴിഞ്ഞാൽ മാത്രമേ പ്രസ്തുത ഹോസ്റ്റലിൽ വെള്ളം ലഭിക്കുകയുള്ളൂ. ആയതിനാൽതന്നെ കുറഞ്ഞ സമയങ്ങളിൽ മാത്രമേ ഹോസ്റ്റലിൽ ശുദ്ധജലം ലഭിക്കുകയുള്ളൂ. എങ്കിലും എല്ലാ ദിവസവും ശുദ്ധജലവിതരണം മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്.

പുതിയ റഗുലേറ്റർ പദ്ധതി

70 [250] ശ്രീ. ജോസഫ്, എം. പുതുശ്ശേരി:

" തോമസ് ഉണ്ണിയാടൻ:

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലിൽ നിന്നുള്ള സമുദ്രജലകയറ്റം നിയന്ത്രിക്കുന്നതിന് കൂട്ടാട് വികസന സമിതി നിർദ്ദേശിച്ച പുതിയ റെഗുലേറ്റർ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നിർമ്മാണത്തിനായി എന്തു തുക ചെലവ് വരുമെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രയോജനവും എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കായംകുളം ബ്രേക്ക് വാട്ടർ പദ്ധതി മൂലം പൊഴി അഴിയായതിനാൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി അനുയോജ്യമായ സ്ഥലത്ത് ഒരു സ്പിൽവേ-കം-റഗുലേറ്റർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പഠനം ജലസേചന വകുപ്പ് നടത്തിവരുന്നു.

(സി) വിശദമായ പഠനത്തിന് ശേഷമേ അറിയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly